# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2025

10.09.2025

## സർക്കുലർ

## ആരാധനാക്രമ വർഷം

**2025 സെപ്റ്റംബർ 20 – 2026 സെപ്റ്റംബർ 19**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 സെപ്റ്റംബർ 20ന് പുനരൈക്യ ശതാബ്ദി ആഘോഷിക്കുവാൻ ഒരുങ്ങുന്ന പശ്ചാത്തലത്തിൽ 2025 സെപ്റ്റംബർ 20 മുതൽ – 2026 സെപ്തംബർ 19 വരെ ആരാധനക്രമ വർഷം (Year of Liturgy) ആയി നാം ആചരിക്കുകയാണ്.

വിശുദ്ധ ലിഖിതത്തിലൂടെ യേശുവിനെ കൂടുതൽ അറിയുവാനും കണ്ടുമുട്ടുവാനും വചനവർഷം നാം ശ്രമിച്ചു. ഈ വർഷം ആരാധനയുടെ വിവിധ തലങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും ആരാധനയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും ജീവിതത്തിന്റെ ഭാഗമാക്കുവാനും നാം പരിശ്രമിക്കുകയാണ്. ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക (യോഹ 4: 23) എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായാണ് ആരാധനക്രമവർഷത്തിന്റെ പഠനരേഖയും കർമപദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നത്.

### 1. ആരാധനക്രമ വർഷം – ലക്ഷ്യം

ആരാധനക്രമം മലങ്കരസഭയുടെ സ്വത്വത്തെ വെളിപ്പെടുത്തുന്ന അടിസ്ഥാന യാഥാർത്ഥ്യമാണ്. ആരാധനക്രമത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആത്മീയതയുടെ കേന്ദ്രമാണ്. ആരാധനക്രമ ആദ്ധ്യാത്മികതയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും യേശുവുമായി ആഴപ്പെട്ട വ്യക്തിബന്ധത്തിൽ വളരുവാനും സാധിക്കും. ഈ പശ്ചാത്തലത്തിൽ ആരാ

ധനക്രമ ആധ്യാത്മികതയിലെ കൂദാശകൾ, (പ്രത്യേകിച്ച് കുർബാന, കുമ്പസാരം, മാമോദിസ, സൈഥര്യലേപനം, രോഗീലേപനം (വിവാഹം എന്ന കൂദാശയെക്കുറിച്ച് കുടുബ വർഷത്തിലും, പട്ടത്വത്തെക്കുറിച്ച് ദൈവവിളി വർഷത്തിലും ചർച്ച ചെയ്യുന്നതാണ്) യാമപ്രാർത്ഥനകൾ, നോമ്പിലെ വർജന-ഉപവാസം, നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ, എന്നിവയെക്കുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ അറിവും ബോധ്യവും ആരാധനയിലുള്ള അനുഭവവും നൽകുവാൻ ആരാധനക്രമ വർഷം ലക്ഷ്യം വയ്ക്കുന്നു.

**2. കർമപദ്ധതിക്ക് അടിസ്ഥാനമായ വിഷയങ്ങൾ**

1. മലങ്കര ആരാധനക്രമത്തെക്കുറിച്ചുള്ള പൊതുവായ ബോധവത്ക്കരണം
2. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ബോധവത്ക്കരണം
3. വിശുദ്ധ കുമ്പസാരത്തെക്കുറിച്ചുള്ള ബോധവത്ക്കരണവും, കുമ്പസാരത്തിന് അവസരം ഒരുക്കലും
4. യാമപ്രാർഥനകൾ, നോമ്പ്, വർജന, ഉപവാസം, മാറാനായ പെരുന്നാളുകൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം.
5. മദ്ബഹാ ശുശ്രൂഷകർക്കുള്ള ബോധവത്ക്കരണം
6. മാമ്മോദീസ, സൈഥര്യലേപനം, രോഗീലേപനം എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം
7. ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കുള്ള ബോധവത്ക്കരണം

**3. ആരാധനാക്രമ വർഷ ഉദ്ഘാടനം**

1. 20 സെപ്റ്റംബർ 2025 ശനിയാഴ്ച പത്തനംതിട്ടയിൽ വച്ച് പുനരൈക്യ വാർഷിക വേദിയിൽ ആരാധനക്രമ വർഷം ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്.
2. 28 സെപ്റ്റംബർ 2025 ഞായറാഴ്ച എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ആരാധനാക്രമവർഷം ഉത്ഘാടനം ചെയ്യേണ്ടതാണ്.
3. എല്ലാ ഭദ്രാസനങ്ങളിലും ആരാധനക്രമവർഷ ഉദ്ഘാടനം സൗകര്യപ്രദമായ വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

**4. ആരാധനക്രമ വർഷം ഇടവകതലത്തിൽ**

2025 സെപ്റ്റംബർ 20 ന് ആരാധനക്രമ വർഷം ഔദ്യോഗികമായി ആരംഭിക്കും. ഓരോ ഇടവകയിലും സെപ്റ്റംബർ 28 ഞായറാഴ്ച ആരാധനക്രമവർഷം ഔദ്യോഗികമായി ആരംഭിക്കേണ്ടതാണ്. പ്രഭാതപ്രാർഥനയ്ക്കുശേഷം പള്ളിയുടെ പ്രധാന കവാടത്തിൽനിന്നും ചുവന്ന ഉറാറ കെട്ടിയ കുരിശ് പുരോഹിതൻ വഹിക്കുകയും ഇരുവശങ്ങളിലും കത്തിച്ച തിരി, മർബഹാസ, ധൂപം എന്നിവയുടെ അകമ്പടിയോടെ



നമസ്കാരമേശയിലേയ്ക് പ്രദക്ഷിണം നടത്തുകയും നമസ്കാരമേശയിൽ ക്രമീകരിച്ചിരിക്കുന്ന 7 തിരിക്കാലുകളുടെ പിന്നിലായി ഈ സ്ലീബാ പ്രതിഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. അതിനുശേഷം വികാരി സ്ലീബായ്ക്കു മുമ്പിലുള്ള നടുവിലത്തെ തിരിയും ഇടതും വലതുമുള്ള മറ്റ് ആറു തിരികൾ സിസ്റ്റർ (ഇടവകയിൽ സിസ്റ്റേഴ്സ് ഇല്ലെങ്കിൽ ഉചിതമായ മറ്റൊരാൾ), ട്രസ്റ്റി, എം.സി. എ, എം.സി.എം.എഫ്, എം.സി. വൈ.എം., എം. സി. സി. എൽ എന്നീ സംഘടനകളുടെ ഇടവക പ്രസിഡന്റുമാർ എന്നിവർ കത്തിച്ച് ആരാധനക്രമവർഷം ഉദ്ഘാടനം നടത്തുന്നു. തുടർന്ന് വിശുദ്ധ ലിഖിതത്തിൽ നിന്നും യോഹന്നാന്റെ സുവിശേഷം നാലാം അധ്യായം 19 മുതൽ 26 വരെ വായിക്കുകയും ആരാധനക്രമ വർഷ പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. അതിനുശേഷം ആരാധനക്രമവർഷത്തെക്കുറിച്ച് ലഘുവായ സന്ദേശം നൽകുകയും വി. കുർബാനയിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

1. എല്ലാ ഇടവകകളിലും ആരാധനക്രമവർഷത്തിലെ ഒരു ഞായറാഴ്ച (രാവിലെ മുതൽ ഉച്ചവരെയുള്ള സമയം/ഉച്ച മുതൽ സന്ധ്യവരെയുള്ള സമയം) വിശുദ്ധ കുമ്പസാരത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസും തുടർന്ന് കുമ്പസാരത്തിനുള്ള പൊതു ഒരുക്കമായ അനുതാപ ശുശ്രൂഷയും തുടർന്ന് കുമ്പസാരവും വിശുദ്ധ കുർബാനയും ക്രമീകരിക്കുന്നു.
2. എല്ലാ ഇടവകകളിലും ഒരു ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു മുമ്പായിട്ട് ഒരു മണിക്കൂർ വി. കുർബാനയെക്കുറിച്ചുള്ള ക്ലാസ്സും തുടർന്ന് വിശുദ്ധ കുർബാനയും നടത്തേണ്ടതാണ്.
3. എല്ലാ ഇടവകയിലും ഒരു ഞായറാഴ്ച വർഷത്തിൽ ഒരു മാമ്മോദീസാ പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. വി. കുർബാനയിലെ പ്രസംഗം മാമ്മോദീസായെക്കുറിച്ചായിരിക്കുകയും എല്ലാ വിശ്വാസികളും മാമ്മോദീസായിൽ സംബന്ധിക്കുകയും വേണം.
4. എല്ലാ ഇടവകയിലും ഒരു ഞായറാഴ്ച വർഷത്തിൽ ഒരു രോഗീലേപനം പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. ഇടവകയിലെ എല്ലാ രോഗികളെയും ഇതിനായി ക്ഷണിക്കാവുന്നതാണ്.
5. എം.സി.വൈ.എം, എം.സി.എ, എം.സി.എം.എഫ്, എം.സി.സി.എൽ എന്നീ സംഘടനയിലെ അംഗങ്ങൾക്ക് പ്രത്യേകമായും ഇടവകസമൂഹത്തിന് പൊതുവായും ആരാധനാക്രമപരമായ വിഷയങ്ങളിൽ ഇടവകതലത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.
6. എല്ലാ ഇടവകകളിലും വിശ്വാസികളോടു ചേർന്ന് ശനിയാഴ്ച വൈകിട്ട് സന്ധ്യാപ്രാർഥന ആഘോഷമായി നടത്തേണ്ടതാണ്.

**5. ആരാധനക്രമ വർഷം കുടുംബങ്ങളിൽ**

2025 സെപ്റ്റംബർ 28 ന് ഞായറാഴ്ച സന്ധ്യ 7 മണിക്ക് വീടുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കുരിശിന്റെയും ബൈബിളിന്റെയും മുന്നിൽ 7 തിരികൾ ഉചിതമായി ക്രമീകരിച്ച് കുടുംബനാഥൻ, കുടുംബനാഥ എന്നീ ക്രമത്തിൽ തിരി കത്തിച്ച് ആരാധനക്രമ വർഷം ഉദ്ഘാടനം ചെയ്യേണ്ടതാണ്. തുടർന്ന് യോഹന്നാന്റെ സുവിശേഷം നാലാം അധ്യായം 19മുതൽ 26 വരെയുള്ള വാക്യങ്ങൾ വായിക്കുന്നു, തുടർന്ന് ആരാധനക്രമ വർഷ പ്രാർഥനയും സന്ധ്യാപ്രാർഥനയും നടത്തി ആരാധനക്രമവർഷ ഉദ്ഘാടനം കുടുംബങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്.

ഈ ആരാധനക്രമവർഷം കുടുംബപ്രാർഥന, നോമ്പ്, വർജന, ഉപവാസം എന്നിവ കൂടുതൽ ബോധ്യത്തോടും ഉണർവോടും കൂടി ഭവനങ്ങളിൽ നടത്തേണ്ടതാണ്.

**6. ആരാധനക്രമവർഷം വൈദികജില്ലകളിൽ**

1. ഓരോ വൈദിക ജില്ലയിൽനിന്നുമുള്ള M.C.Y.M, M.C.A, M.C.M.F, M.C.C.L എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ആരാധനക്രമ വിഷയങ്ങളിൽ ജില്ലാകേന്ദ്രത്തിൽവെച്ച് പരിശീലനം നൽകുക.
2. ഓരോ വൈദിക ജില്ലയിൽനിന്നുമുള്ള മദ്ബഹാ ശുശ്രൂഷകർക്ക് ആരാധനക്രമവിഷയങ്ങളിൽ ജില്ലാകേന്ദ്രത്തിൽവെച്ച് പരിശീലനം നൽകുക.
3. ഓരോ വൈദിക ജില്ലയിൽനിന്നും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആദ്യകുർബാന സ്വീകരിച്ചവർക്ക് ജില്ലാകേന്ദ്രത്തിൽ നവീകരണക്ലാസ്സുകൾ നൽകുക.

**7. വൈദികർക്കും സന്യസ്തർക്കും സെമിനാരി വിദ്യാർഥികൾക്കും ആരാധനക്രമ വിഷയങ്ങളിൽ പരിശീലനം നൽകുന്നു**

മലങ്കര സഭയിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും സെമിനാരി വിദ്യാർഥികൾക്കും ആരാധനാക്രമ വർഷവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

**8. ആരാധനക്രമപഠനം: ഓൺലൈൻ പരിശീലനം**

50 എപ്പിസോഡുകളിലായി ആരാധനക്രമപഠനപരമ്പര മലങ്കര കാതലിക് ടിവിയിലൂടെ നടത്തപ്പെടുന്നതാണ്. ഇടവകകളിൽ വച്ച് പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**9. പ്രായോഗിക നിർദേശങ്ങൾ**

1. എല്ലാ ഭദ്രാസനങ്ങളിലും ആരാധനക്രമവർഷത്തിന് ഭദ്രാസന ഡയറക്ടറെ നിയമിക്കുക.



2. എല്ലാ വൈദികജില്ലകളിലും ജില്ലാ ഡയറക്ടർമാരെ നേതൃത്വം നൽകുന്നതിനായി നിയമിക്കുക.
3. എല്ലാ വൈദികജില്ലകളിലും നിന്നും ഒരു സന്യാസിനിയെയും അത്മായ പ്രതിനിധിയെയും തെരഞ്ഞെടുക്കുക.
4. എല്ലാ ഇടവകകളിലും ആരാധനക്രമവർഷത്തിന്റെ ലോഗോ ഉൾക്കൊള്ളുന്ന ബാനർ പള്ളിക്കുള്ളിൽ കെസ്ത്രൂമായിൽ സ്ഥാപിക്കുക.

വചനവർഷത്തിന്റെ തുടർച്ചയായ ആരാധനക്രമവർഷത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ബഹുമാനപ്പെട്ട ഇടവകവികാരിമാരോടൊപ്പം എല്ലാ ഇടവകജനങ്ങളും പങ്കുചേരുകയും ആരാധനക്രമവർഷം അനുഗ്രഹപ്രദമാക്കിത്തീർക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. കുടുംബാരാധനയായ യാമപ്രാർഥനകളും, നോമ്പ്, വർജന, ഉപവാസങ്ങളും കൂടുതൽ ബോധ്യത്തോടും ഉണർവോടും കൂടി ഈ ആരാധനക്രമവർഷം നമുക്ക് നിർവഹിക്കാം. പുനരൈക്യശതാബ്ദിയ്ക്ക് ഒരുക്കമായുള്ള സ്വയ വിശുദ്ധീകരണത്തിന്റെയും സമ്പൂർണ സമർപ്പണത്തിന്റെയും ഭാഗമായ ഈ പരിശീലന പദ്ധതി രണ്ടാമത്തേതാണ്. ഈ പരിശീലനം ഏറ്റവും ദൈവാനുഭവമുള്ളതാകുവാൻ ഏവർക്കും പ്രാർഥനാപൂർവം ഒരുങ്ങാം. സഭയുടെ ആരാധനക്രമത്തിലൂടെ ദൈവാരാധന കൂടുതൽ സജീവമാക്കുവാനും ദൈവാനുഭവത്തിൽ വളരുവാനും സഭാമക്കൾക്കേവർക്കും സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.